**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1782** **08-10-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം ആർ.ടി.ഒ./ജെ.ആർ.ടി.ഒ. ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്റഫ്** | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ആർ.ടി.ഒ. ഓഫീസുകൾ,ജോയിന്റ് ആർ.ടി.ഒ. ഓഫീസുകൾ എന്നിവ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 32 ആർ.ടി. ഓഫീസുകളും, 68 സബ് ആർ.ടി ഓഫീസുകളുമാണുള്ളത്. ആയതിന്റെ വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് അവസാനമായി രൂപീകൃതമായ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. ഓഫീസ് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | 24.09.2018-ലെ സ.ഉ.(കൈ)നം.56/2018/ ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം 14 ജില്ലകളിലായി ആർ.ടി.ഓഫീസ് (എൻഫോഴ്സ്മെന്റ്) സ്ക്വാഡുകൾ രൂപീകരിച്ചും 11.02.2019-ലെ സ.ഉ.(കൈ)നം.13/2019/ ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 7 പുതിയ സബ് ആർ.ടി ഓഫീസുകൾ ആരംഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവുകൾ അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ജില്ലാ ആർ.ടി ഓഫീസ് (എൻഫോഴ്സ്മെന്റ്) : 1) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), തിരുവനന്തപുരം 2) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്),കൊല്ലം 3) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), പത്തനംതിട്ട 4) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), ആലപ്പുഴ 5) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്),കോട്ടയം 6) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), ഇടുക്കി 7) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), എറണാകുളം 8) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), തൃശ്ശൂർ 9) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), പാലക്കാട് 10) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), മലപ്പുറം 11) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), കോഴിക്കോട് 12) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), വയനാട് 13) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), കണ്ണൂർ 14) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), കാസർഗോഡ്. പുതിയ സബ് ആർ.ടി ഓഫീസുകൾ : 1) സബ് ആർ.ടി ഓഫീസ്, കൊണ്ടോട്ടി 2) സബ് ആർ.ടി ഓഫീസ്, രാമനാട്ടുകര(ഫറോക്ക്) 3) സബ് ആർ.ടി ഓഫീസ്, |

| | | | |
|---|---|---|---|
| | | | പയ്യന്നൂർ 4) സബ് ആർ.ടി ഓഫീസ്, ചടയമംഗലം 5) സബ് ആർ.ടി ഓഫീസ്, പത്തനാപുരം 6) സബ് ആർ.ടി ഓഫീസ്, കോന്നി 7) സബ് ആർ.ടി ഓഫീസ്, വർക്കല. |
| (സി) | പ്രസ്തുത ഓഫീസുകൾ തുടങ്ങുന്നതിനായി ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | 24.09.2018-ലെ സ.ഉ.(കൈ)നം.56/2018/ ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം 14 ജില്ലകളിലായി ആർ.ടി.ഓഫീസ് (എൻഫോഴ്സ്മെന്റ്) സ്ക്വാഡുകൾ രൂപീകരിച്ചും 11.02.2019-ലെ സ.ഉ.(കൈ)നം.13/2019/ ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 7 പുതിയ സബ് ആർ.ടി ഓഫീസുകൾ ആരംഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവുകൾ അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ജില്ലാ ആർ.ടി ഓഫീസ് (എൻഫോഴ്സ്മെന്റ്) : 1) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), തിരുവനന്തപുരം 2) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്),കൊല്ലം 3) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), പത്തനംതിട്ട 4) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), ആലപ്പുഴ 5) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്),കോട്ടയം 6) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), ഇടുക്കി 7) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), എറണാകുളം 8) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), തൃശ്ശൂർ 9) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), പാലക്കാട് 10) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), മലപ്പുറം 11) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), കോഴിക്കോട് 12) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), വയനാട് 13) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), കണ്ണൂർ 14) ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്), കാസർഗോഡ്. പുതിയ സബ് ആർ.ടി ഓഫീസുകൾ : 1) സബ് ആർ.ടി ഓഫീസ്, കൊണ്ടോട്ടി 2) സബ് ആർ.ടി ഓഫീസ്, രാമനാട്ടുകര(ഫറോക്ക്) 3) സബ് ആർ.ടി ഓഫീസ്, പയ്യന്നൂർ 4) സബ് ആർ.ടി ഓഫീസ്, ചടയമംഗലം 5) സബ് ആർ.ടി ഓഫീസ്, പത്തനാപുരം 6) സബ് ആർ.ടി ഓഫീസ്, കോന്നി 7) സബ് ആർ.ടി ഓഫീസ്, വർക്കല. |
| (ഡി) | മഞ്ചേശ്വരം ജെ.ആർ.ടി.ഒ. തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാകുമോ; | (ഡി) | മഞ്ചേശ്വരം താലൂക്കിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയൂ. |
| | | | |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്ത് അവസാനമായി നിലവിൽ വന്ന ആർ.ടി.ഒ. കളോടൊപ്പം പ്രപ്പോസലിലുണ്ടായിരുന്ന മഞ്ചേശ്വരം ആർ.ടി.ഒ. ,ടി ഉത്തരവ് ഇറക്കിയപ്പോൾ ഒഴിവായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ഇ) | മഞ്ചേശ്വരം താലൂക്കിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയൂ. |
| (എഫ്) | പ്രസ്തുത ഓഫീസ് കെട്ടിടം നിർമ്മിക്കാൻ 2021-22 വർഷം 60 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയ സാഹചര്യത്തിൽ ടി ഓഫീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എഫ്) | 2021-22 സാമ്പത്തിക വർഷത്തെ ഗതാഗത വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ ഇപ്രകാരം തുക അനുവദിച്ചിട്ടില്ല. എന്നാൽ 2021-22 വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II-ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) പൊതുമരാമത്ത് വകുപ്പിന് ഈ ഇനത്തിൽ പ്രസ്തുത തുക അനുവദിച്ചതായി കാണാം. |

സെക്ഷൻ ഓഫീസർ

## ANNEXURE- I

### REGIONAL TRANSPORT OFFICES

| Sl No. | Name of Office |
|---|---|
| 1 | RTO, Trivandrum |
| 2 | RTO, Kollam |
| 3 | RTO, Pathanamthitta |
| 4 | RTO, Alappuzha |
| 5 | RTO, Kottayam |
| 6 | RTO, Idukki |
| 7 | RTO, Ernakulam |
| 8 | RTO, Thrissur |
| 9 | RTO, Palakkad |
| 10 | RTO, Malappuram |
| 11 | RTO, Kozhikode |
| 12 | RTO, Wayanad |
| 13 | RTO, Kannur |
| 14 | RTO, Kasargod |
| 15 | RTO (Nationalized Sector), Trivandrum |
| 16 | RTO, Attingal |
| 17 | RTO, Muvattupuzha |
| 18 | RTO, Vatakara |
| | **RTO(ENFORCEMENT)** |
| 19 | RTO(Enforcement), Trivandrum |
| 20 | RTO(Enforcement), Kollam |
| 21 | RTO(Enforcement), Pathanamthitta |
| 22 | RTO(Enforcement), Alappuzha |
| 23 | RTO(Enforcement), Kottayam |
| 24 | RTO(Enforcement), Idukki |
| 25 | RTO(Enforcement), Ernakulam |
| 26 | RTO(Enforcement), Thrissur |
| 27 | RTO(Enforcement), Palakkad |
| 28 | RTO(Enforcement), Malappuram |
| 29 | RTO(Enforcement), Kozhikode |
| 30 | RTO(Enforcement), Wayanad |
| 31 | RTO(Enforcement), Kannur |
| 32 | RTO(Enforcement), Kasargod |

## SUB REGIONAL TRANSPORT OFFICES

| Sl No. | Name of offices |
|---|---|
| 1 | Sub RTO, Parassala |
| 2 | Sub RTO, Neyyattinkara |
| 3 | Sub RTO, Nedumangad |
| 4 | Sub RTO, Kazhakuttam |
| 5 | Sub RTO, Karunagappally |
| 6 | Sub RTO, Kottarakkara |
| 7 | Sub RTO, Punalur |
| 8 | Sub RTO, Adoor |
| 9 | Sub RTO, Thiruvalla |
| 10 | Sub RTO, Mallappally |
| 11 | Sub RTO, Kayamkulam |
| 12 | Sub RTO, Chengannur |
| 13 | Sub RTO, Mavelikkara |
| 14 | Sub RTO, Cherthala |
| 15 | Sub RTO, Changanasserry |
| 16 | Sub RTO, Kanjirappally |
| 17 | Sub RTO, Pala |
| 18 | Sub RTO, Vaikom |
| 19 | Sub RTO, Vandiperiyar |
| 20 | Sub RTO, Thodupuzha |
| 21 | Sub RTO, Tripunithura |
| 22 | Sub RTO, Perumbavoor |

| | |
|---|---|
| 23 | Sub RTO, Aluva |
| 24 | Sub RTO, North Parur |
| 25 | Sub RTO, Mattancherry |
| 26 | Sub RTO, Kothamangalam |
| 27 | Sub RTO, Irinjalakkuda |
| 28 | Sub RTO, Guruvayoor |
| 29 | Sub RTO, Kodungalloor |
| 30 | Sub RTO, Vadakkancherry |
| 31 | Sub RTO, Alathur |
| 32 | Sub RTO, Mannarkkad |
| 33 | Sub RTO, Ottappalam |
| 34 | Sub RTO, Pattambi |
| 35 | Sub RTO, Perinthalmanna |
| 36 | Sub RTO, Ponnani |
| 37 | Sub RTO, Thirur |
| 38 | Sub RTO, Koyilandy |
| 39 | Sub RTO, Koduvally |
| 40 | Sub RTO, Thalassery |
| 41 | Sub RTO, Thaliparamba |
| 42 | Sub RTO, Kanhangad |
| 43 | Sub RTO, Kunnathur |
| 44 | Sub RTO, Ranni |
| 45 | Sub RTO, Angamali |

| | |
|---|---|
| 46 | Sub RTO, Chalakkudy |
| 47 | Sub RTO, Thirurangady |
| 48 | Sub RTO, Kuttanad |
| 49 | Sub RTO, Uzhavur |
| 50 | Sub RTO, Devikulam |
| 51 | Sub RTO, Udumbanchola |
| 52 | Sub RTO, Chittur |
| 53 | Sub RTO, Nilambur |
| 54 | Sub RTO, Mananthavady |
| 55 | Sub RTO, Sulthan Bathery |
| 56 | Sub RTO, Kattakada |
| 57 | Sub RTO, Thriprayar |
| 58 | Sub RTO, Nanmanda |
| 59 | Sub RTO, Perambra |
| 60 | Sub RTO, Iritty |
| 61 | Sub RTO, Vellarikundu |
| 62 | Sub RTO, Varkala |
| 63 | Sub RTO, Kondotty |
| 64 | Sub RTO, Konni |
| 65 | Sub RTO, Pathanapuram |
| 66 | Sub RTO, Chadayamangalam |
| 67 | Sub RTO, Ramanattukara (Faroke) |
| 68 | Sub RTO, Payyannur |

കേരള സർക്കാർ

**സംഗ്രഹം**

ഗതാഗത വകുപ്പ് - ജീവനക്കാര്യം - സേഫ് കേരള പ്രൊജക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 51 പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും, അധികമായി സൃഷ്ടിച്ച തസ്തികകൾക്കാവശ്യമായ ഓഫീസുകൾ രൂപീകരിച്ചും ജീവനക്കാരെ വിന്യസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗതം(സി)വകുപ്പ്

**സ.ഉ.(കൈ) നം.56/2018/ഗതാഗതം** തീയതി,തിരുവനന്തപുരം, 24/09/2018

പരാമർശം:- 1 സ.ഉ(കൈ)നം.42/2018/ഗതാഗതം തീയതി 04.06.2018.

2 സ.ഉ(കൈ)നം.44/2018/ഗതാഗതം തീയതി 16.06.2018.

3 ട്രാൻസ്പോർട്ട് കമ്മീഷണറുടെ 31.08.2018-ലെ A1/ഇ-66817/2018/റ്റി.സി(2) നമ്പർ കത്ത്.

4 സ.ഉ(കൈ)നം.54/2018/ഗതാഗതം തീയതി 07.09.2018.

**ഉത്തരവ്**

പരാമർശം (1) പ്രകാരം സംസ്ഥാനത്ത് സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിനായി 10 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടേയും 65 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെയും 187 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടേയും പുതിയ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിരുന്നു.

2)സേഫ് കേരള പ്രൊജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹനവകുപ്പിൽ നിലവിൽ 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ പ്രവർത്തിച്ചു വരുന്ന 4 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, 34 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ, 68 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ എന്നിവർക്ക് പുറമേ അധികമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഉൾക്കൊള്ളുന്നതിനായി കൂടുതൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വേണമെന്ന് പരാമർശം (3)-ലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ കത്തിൽ ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് പുറമേ പുതിയതായി 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കൂടി 14 ജില്ലകളിലായി ചുവടെ പറയും പ്രകാരം രൂപീകരിച്ച് ഉത്തരവാകുന്നു.

| ജില്ലാ | നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡ് | പുതിയതായി അനുവദിച്ച എൻഫോഴ്സ്മെന്റ് സ്ക്വാഡ് | ആകെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് |
|---|---|---|---|
| തിരുവനന്തപുരം | 4 | 4 | 8 |
| കൊല്ലം | 3 | 4 | 7 |
| പത്തനംതിട്ട | 2 | 3 | 5 |
| ആലപ്പുഴ | 2 | 4 | 6 |
| കോട്ടയം | 2 | 4 | 6 |
| ഇടുക്കി | 2 | 4 | 6 |
| എറണാകുളം | 4 | 4 | 8 |

| | | | |
|---|---|---|---|
| തൃശ്ശൂർ | 3 | 4 | 7 |
| പാലക്കാട് | 2 | 4 | 6 |
| മലപ്പുറം | 2 | 4 | 6 |
| കോഴിക്കോട് | 4 | 4 | 8 |
| വയനാട് | 1 | 2 | 3 |
| കണ്ണൂർ | 2 | 4 | 6 |
| കാസറഗോഡ് | 1 | 2 | 3 |
| **ആകെ** | 34 | 51 | 85 |

3)പുതുതായി രൂപീകരിച്ച 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും നിലവിലുണ്ടായിരുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും ചേർന്ന 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ജില്ലാ അടിസ്ഥാനത്തിലുള്ള 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (എൻഫോഴ്സ്മെന്റ്)-ന്റെ കീഴിൽ പ്രവർത്തിക്കേണ്ടതും, ഓരോ എൻഫോഴ്സ്മെന്റ് സ്ക്വാഡിലും ഒരു മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറെയും (എൻഫോഴ്സ്മെന്റ്) (85x1=85), മൂന്ന് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറെയും (85x3=255) നിയമിക്കേണ്ടതും, അധികമുള്ള 14 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ 14 കൺട്രോൾ റൂമുകളിലും വിന്യസിക്കേണ്ടതാണ്.

4)<u>എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ നിയമിതരാകുന്ന ഉദ്യോഗസ്ഥരുടെ കാലദൈർഘ്യം സംബന്ധിച്ച മാനദണ്ഡങ്ങൾ</u>

(i) എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ സേഫ് കേരള പ്രൊജക്ടിന്റെ ഭാഗമായി പുതുതായി നിയമനം ലഭിക്കുന്ന അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ 3 വർഷത്തേക്കും, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ 2 വർഷത്തേക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ 1 വർഷത്തേക്കും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഒഴികെയുള്ള ഓഫീസുകളിലേക്ക് മാറ്റി നിയമിക്കുന്നതല്ല.

(ii) എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂർ പ്രവർത്തിക്കേണ്ടതാണ്.

(iii) എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി ക്രമങ്ങൾ നിശ്ചയിക്കുന്നത് ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ ഉത്തരവാദിത്വമാണ്.

(iv) എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ പ്രവർത്തനം ട്രാൻസ്പോർട്ട് കമ്മീഷണർ നേരിട്ട് പരിശോധിക്കേണ്ടതാണ്.

( v ) എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ജീവനക്കാരുടെ എല്ലാ ജീവനക്കാര്യങ്ങളും അതാത് എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസിൽ തന്നെ കൈകാര്യം ചെയ്യേണ്ടതും എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് ഗതാഗത കമ്മിഷണർ കേരളാ റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

5)മേൽപ്പറഞ്ഞ വിധത്തിൽ 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (എൻഫോഴ്സ്മെന്റ്) രൂപീകരിച്ചും, ചുവടെ പറയും പ്രകാരം ജീവനക്കാരെ വിന്യസിച്ചും ഉത്തരവാകുന്നു.

| ജില്ലാതലത്തിൽ രൂപീകൃതമായ എൻഫോഴ്സ്മെന്റ് സ്ക്വാഡ് | റീജിയണൽ ട്രാൻസ്പോർ ഓഫീസർ (എൻഫോഴ്സ്മെന്റ്) | മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ |
|---|---|---|---|
| തിരുവനന്തപുരം | 1 | 8 | 24 |
| കൊല്ലം | 1 | 7 | 21 |
| പത്തനംതിട്ട | 1 | 5 | 15 |
| ആലപ്പുഴ | 1 | 6 | 18 |
| കോട്ടയം | 1 | 6 | 18 |
| ഇടുക്കി | 1 | 6 | 18 |
| എറണാകുളം | 1 | 8 | 24 |
| തൃശ്ശൂർ | 1 | 7 | 21 |
| പാലക്കാട് | 1 | 6 | 18 |
| മലപ്പുറം | 1 | 6 | 18 |
| കോഴിക്കോട് | 1 | 8 | 24 |

| | | | |
|---|---|---|---|
| വയനാട് | 1 | 3 | 9 |
| കണ്ണൂർ | 1 | 6 | 18 |
| കാസറഗോഡ് | 1 | 3 | 9 |
| **ആകെ** | **14** | **85** | **255** |

6)പരാമർശം (4) പ്രകാരമുള്ള സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആര്.ജ്യോതിലാല്**
**പ്രിന്സിപ്പല് സെക്രട്ടറി**

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം
റോഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (U.O.Note No.738068/I&PW-A1/2018/FIN)
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)
വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Sd/-
സെക്ഷൻ ഓഫീസർ

പകർപ്പ് :1) ബഹു. മുഖ്യമന്ത്രിയുടെ പി.എസ്
2) ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്
3) ട്രാൻസ്പോർട്ട് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ്- മോട്ടോർ വാഹന വകുപ്പിൽ പുതിയ 7 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (സി) വകുപ്പ്

സ.ഉ.(കൈ) നം.13/2019/ഗതാഗതം തീയതി,തിരുവനന്തപുരം, 11/02/2019

---

പരാമർശം:- ഗതാഗത കമ്മീഷണറുടെ 03.11.2018-ലെ എ1/15297/2014/റ്റി.സി നമ്പർ കത്ത്.

<u>ഉത്തരവ്</u>

സബ് ആർ.ടി ഓഫീസുകൾ ഇല്ലാത്ത 7 താലൂക്കുകളിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിനായി 2018-19- വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 7 പുതിയ സബ് ആർ.ടി ഓഫീസുകൾ സ്ഥാപിക്കാനും അതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനുമുള്ള നിർദ്ദേശം ഗതാഗത കമ്മീഷണർ, പരാമർശത്തിലെ കത്ത് പ്രകാരം സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊണ്ടോട്ടി, രാമനാട്ടുകര(ഫറോക്ക്), പയ്യന്നൂർ, ചടയമംഗലം, പത്തനാപുരം, കോന്നി, വർക്കല എന്നീ സ്ഥലങ്ങളിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുടങ്ങുന്നതിനും പ്രസ്തുത ഓഫീസുകൾ ഓരോന്നിലും ചുവടെ പട്ടികയിൽ പറയുന്ന എണ്ണം (ആകെ-7X7=49) തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നു.

| ക്രമ നമ്പർ | തസ്തിക | ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലേക്കുള്ള തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ | 1 |
| 2 | മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 1 |
| 3 | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 2 |

| | | |
|---|---|---|
| 4 | ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് | 1 |
| 5 | സീനീയർ ക്ലാർക്ക് | 1 |
| 6 | ക്ലാർക്ക് | 1 |
| | ആകെ | 07 |

3)കൂടാതെ ടി. ഓഫീസുകൾ ഓരോന്നിലും ഒരു ഡ്രൈവറുടേയും ഒരു ഓഫീസ് അറ്റൻഡന്റിന്റേയും (ദിവസ വേതനം) ഒരു കാഷ്വൽ സ്വീപ്പറുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആർ.ജ്യോതിലാല്**
**പ്രിന്സിപ്പല് സെക്രട്ടറി**

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (19.01.2019-ലെ *U.O(R)നം.691008ഐ&പി.ഡബ്ല്യു എ-1/17/ധന, പ്രകാരം*)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ/പ്രസ് റിലീസ്) വകുപ്പ്.

(സർക്കാർ വെബ്സൈറ്റിലും, പത്രമാദ്ധ്യമങ്ങളിലും പ്രസിദ്ധീകരണത്തിന്)

പൊതുഭരണ (എസ്.സി) വകുപ്പ്.(ഇനം നം. തീയതി. )

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ